# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5631 — 06.07.2012-ൽ മറുപടിയ്ക്ക്

### ഹോസ്റ്റൽ നിർമ്മാണത്തിന് വകയിരുത്തിയ തുക

**ചോദ്യം**
ശ്രീ. വി. ശശി

**ഉത്തരം**
ശ്രീ. എ. പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | പട്ടികജാതി വിദ്യാർത്ഥിനികൾക്ക് വേണ്ടിയുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനും (100% സി.എസ്.എസ്) ആൺ കുട്ടികൾക്ക് വേണ്ടിയുള്ള ഹോസ്റ്റൽ നിർമ്മാണത്തിനും (50% സി.എസ്.എസ്) വേണ്ടി 2011-12 ലെ ബഡ്ജറ്റിൽ എന്തു തുക വീതം വക കൊള്ളിച്ചിരുന്നുവെന്നും അതിൽ എന്ത് തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ? | എ | പെൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റലിന് (100% സി.എസ്.എസ്) വേണ്ടി 2011-12 ൽ 350 ലക്ഷം രൂപ വകയിരുത്തിയിരുന്നു. തുക ഒന്നും ചെലവഴിച്ചിട്ടില്ല. ആൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റലിന് (50% സി.എസ്.എസ്) വേണ്ടി 2011-12 ൽ 400 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 160.82 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ബി | തുക ചെലവഴിച്ചില്ലായെങ്കിൽ, ലാപ്സാകാനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വരുംവർഷങ്ങളിൽ ബഡ്ജറ്റ് തുക പൂർണ്ണമായും ചെലവഴിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ? | ബി | ഉണ്ട്. ഹോസ്റ്റൽ നിർമ്മാണത്തിനുള്ള ഭൂമി ലഭ്യമാക്കി നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിക്കൊണ്ട് ബഡ്ജറ്റ് തുക പൂർണ്ണമായും ചെലവഴിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

Sd/- K J

സെക്ഷൻ ഓഫീസർ